പദ്ധതിയിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾ ചെയ്യേണ്ടതുണ്ടെങ്കിലും അടിയന്തിര മായി ശുദ്ധജലവിതരണം നടത്തിക്കൊണ്ടു പോകാനായി ഒഞ്ചിയം പഞ്ചായത്തിലെ എടക്കണ്ടിക്കുന്നുമുതൽ പുത്തലത്തുമുക്കുവരെ സ്ഥാപിച്ച 350 മി. മീ. എ. സി. പൈപ്പ് ലൈൻ ഭാഗികമായി 600 മീറ്റർ മാറ്റി പകരം സി. ഐ. പൈപ്പ് സ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി 25 ലക്ഷം രൂപ ചെലവ് വരും. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് മാറ്റിയിടുന്ന പണി നടപ്പിലാക്കുന്നതാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഫണ്ടിന്റെ അപര്യാപ്തത നിലനിൽക്കുകയാണ്. ഇതൊക്കെയാണെങ്കിലും അങ്ങ് തന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അത് മുഖവിലയ്ക്കെടുത്തുകൊണ്ട് ചില നടപടികൾ എടുക്കുന്നതിനുവേണ്ടി വകുപ്പിന് ഉത്തരവ് കൊടുത്തു. ഇവിടെ സാമ്പത്തിക പ്രയാസമാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതെന്ന് അങ്ങേയ്ക്കറിയാം. സാമ്പത്തിക പ്രയാസം ദൂരീകരിച്ച് കഴിയുന്നത്ര ഭംഗിയായി ചെയ്യുന്നതിന് വേണ്ടി സാമ്പത്തിക ലഭ്യതയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. കെ. നാണു : ഒന്നൊന്നര മാസത്തിനകം മഴ ആരംഭിക്കും. മഴ ആരംഭിച്ചുകഴിഞ്ഞാൽ വലിയ ബുദ്ധിമുട്ട് വരും. അവിടെ ആളുകൂടി. പത്തഞ്ഞൂറാളു ണ്ടായിരുന്നു. ജനങ്ങൾ കുടിവെള്ളത്തിന്റെ പേരിൽ ബഹളമുണ്ടാക്കുമ്പോൾ എം.എൽ.എ. എന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രി പറയുമെന്ന് ഞാൻ ജനങ്ങൾക്ക് ഉറപ്പുകൊടുത്തു. അങ്ങ് അടിയന്തിര നടപടിയുണ്ടാക്കുമെന്ന് പറഞ്ഞു. അതിനാൽ കഴിയുന്നതുംവേഗം എന്താണ് ചെയ്യാനുദ്ദേശിക്കുന്നതെന്നും, അത് നടപ്പിലാക്കാൻ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുകയും ചെയ്യുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് പറഞ്ഞ മാതിരിയുള്ള നടപടികളി ലേയ്ക്ക് പോകാം. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അങ്ങും അട ക്കമുള്ള, വാട്ടർ അതോറിറ്റിയിലെ ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചു കൂട്ടാൻ നിർദ്ദേശം നൽകാം.

(2) തിരുവനന്തപുരത്ത് ഐ. ഐ. ടി-യും സാങ്കേതിക സർവ്വകലാശാലയും സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. തമ്പാനൂർ രവി : സർ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും ക്വാളിറ്റി ഇംപ്രൂവ് ചെയ്യാൻവേണ്ടി ഒരു ഐ. ഐ. ടി. വേണമെന്ന ആവശ്യം വളരെ നാളുകളായി ഉന്നയിക്കുകയാണ്. ഈ സംസ്ഥാന നിയമസഭയിൽ തന്നെ 2004 ജൂലൈ ഒൻപതിനാണെന്ന് തോന്നുന്നു, ഇന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി കൊണ്ടുവന്ന കേരളത്തിൽ ഐ.ഐ.ടി. സ്ഥാപി ക്കണമെന്ന അനൗദ്യോഗിക പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യു.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ശ്രീ. എ. കെ. ആന്റണി കേന്ദ്രത്തിൽ ആവശ്യപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട ആവശ്യം കേരളത്തിൽ ഒരു ഐ.ഐ.ടി. വേണമെന്നുള്ളതാണ്. അതിനുശേഷം യു.പി.എ. ഗവൺമെന്റ് അധികാരത്തിൽവന്നു. എന്നാൽ ഡോക്ടർ മൻമോഹൻ സിംഗിനെക്കണ്ടപ്പോൾ ഇതേ ആവശ്യം വീണ്ടും ഉന്നയിക്കുകയുണ്ടായി. അടുത്ത കാലത്ത് പ്രധാനമന്ത്രി കൊച്ചിയിൽ വന്നപ്പോൾ, ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും, വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മന്ത്രിസഭയിലെ മറ്റു മന്ത്രിമാരുടേയും യോഗത്തിൽ ഉന്നയിച്ച ആവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് കേരളത്തിൽ ഒരു ഐ.ഐ.ടി വേണമെന്നതായിരുന്നു. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും കേരളം ബഹുദൂരം മുന്നോട്ടു പോയിട്ടുണ്ട്. ധനകാര്യ കമ്മീഷൻ നമുക്ക് ഈ വർഷം തുക അനുവദിച്ചപ്പോൾ വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും തുക കുറയ്ക്കുകയുണ്ടായി. കാരണം ഈ രംഗങ്ങളിൽ നാം പ്രൈമറി സ്റ്റേജ് കഴിഞ്ഞു എന്നാണ്. നമ്മളിപ്പോൾ സെക്കന്ററി സ്റ്റേജിൽ നിൽക്കുകയാണ്. എന്നു പറഞ്ഞാൽ, പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും നമുക്ക് ഈ സ്ഥാപനങ്ങളെ മാറ്റിയെടുത്തുകൊണ്ട് പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് നമ്മുടെ സംസ്ഥാനത്തിന് അനുകൂലമായി ലോകത്തിന് ഏറ്റവും നല്ല ക്വാളിറ്റിയുള്ള വിദ്യാഭ്യാസ യോഗ്യരായ ചെറുപ്പക്കാരെ സംഭാവന ചെയ്യാൻ കഴിയുന്ന ഹ്യൂമൻ റിസോഴ്സസുള്ള സംസ്ഥാനമാണ് കേരളം. നിർഭാഗ്യവശാൽ ഏറെ പരീക്ഷണങ്ങൾ നടന്നെങ്കിലും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് ഇന്നും അപകടകരമായ സ്ഥിതി നിലനിൽക്കുന്നു എന്നു മാത്രമല്ല ലോകത്തിലേയ്ക്കും ക്വാളിറ്റിയുള്ള ട്രെയിനിംഗാണ് ഈ രംഗത്തെല്ലാം നമുക്കുണ്ടായിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഒരു ഐ.ഐ.ടി. കേരളത്തിൽ വേണമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് എസ്. കെ. ജോഷി കമ്മിറ്റിയെ വച്ചു. ഈ കമ്മിറ്റി ഏഴ് സ്ഥലങ്ങളിൽ ഐ.ഐ.ടി. കൊടുക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. കൊച്ചിൻ സർവ്വകലാശാലയുണ്ട്. അവസാനം പുതിയതായി ഐ.ഐ.ടി. ഇൻഡ്യയിൽ അനുവദിക്കേണ്ടതില്ല എന്ന നിഗമനത്തിലാണ് കേന്ദ്ര ഗവണ്മെന്റ് നിൽക്കുന്നത്. ഈ തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുത്താൽ എല്ലാ രംഗത്തുള്ള നമ്മുടെ വളർച്ചയ്ക്കും വലിയ കോട്ടമാകും. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തിക്കൊണ്ട് ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ അനന്തമായ സാദ്ധ്യതകളുള്ള ഉന്നത വിദ്യാഭ്യാസരംഗത്ത് വളരെയേറെ നേട്ടമുണ്ടാക്കാൻ കഴിയുന്ന ഐ.ഐ.ടി. കേരളത്തിൽ സ്ഥാപിക്കാനാശ്യമായ നടപടി സ്വീകരിക്കണം. അത് നേടിയെടുക്കാനുള്ള ശ്രമം ഗവണ്മെന്റ് തുടരണമെന്നാണ് എനിക്ക് ഇക്കാര്യത്തെക്കുറിച്ച് അഭ്യർത്ഥിക്കാനുള്ളത്. സാങ്കേതിക സർവ്വകലാശാല ഇൻഡ്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലുമുണ്ട്. ഒരു സാങ്കേതിക സർവ്വകലാശാല

ഇവിടെ രൂപീകരിക്കാൻ കഴിഞ്ഞാൽ ഒരുപാട് ഫിനാൻഷ്യൽ സപ്പോർട്ട് നമുക്ക് കിട്ടും. M.H.R.D. (Ministry of Human Resource Development)-യുടെ സാമ്പത്തിക സഹായം ലഭിക്കും. A.I.C.T.E., U.G.C., Department of Science & Technology (Government of India), Research Funding from Different Agencies, Sponsored Research and Consult തുടങ്ങിയ നിരവധി സ്ഥാപനങ്ങൾ ഈ രംഗത്ത് നമ്മളെ സഹായിക്കാൻ വന്നിരിക്കുകയാണ്. കേന്ദ്ര അനുമതി ഇല്ലെങ്കിൽപ്പോലും ഇവിടെ ഒരു ലെജിസ്ലേഷൻ പാസ്സാക്കി സംസ്ഥാന നിയമസഭയിൽത്തന്നെ പ്രമേയം പാസ്സാക്കി, അത് മുമ്പോട്ടു പോകുകയാണെങ്കിൽ നമുക്കൊരു സാങ്കേതിക സർവ്വകലാശാല ഇവിടെ സ്ഥാപിക്കാൻ കഴിയും. തമിഴ്നാട്ടിലെ അണ്ണാ യൂണിവേഴ്സിറ്റി 1978-ൽ എസ്റ്റാബ്ലിഷ് ചെയ്തു. അവിടെ എല്ലാ എഞ്ചിനീയറിംഗുംകൂടി ഒരുപാട് ഫാക്കൽറ്റികൾ ഒരുമിച്ചു ചേർത്തുകൊണ്ട് ഒരു സാങ്കേതിക സർവ്വകലാശാല പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ആന്ധ്രാപ്രദേശിലെ ജവഹർലാൽ നെഹ്റു സാങ്കേതിക സർവ്വകലാശാല 1972-ൽ എസ്റ്റാബ്ലിഷ് ചെയ്തു. വെസ്റ്റ് ബംഗാളിൽ 1992-ൽ എസ്റ്റാബ്ലിഷ് ചെയ്തു. അതുപോലെതന്നെ വിശ്വേശ്വര സാങ്കേതിക സർവ്വകലാശാല, ബൽഗാം, കർണ്ണാടക. അവർ 1994-ൽ സംസ്ഥാന നിയമസഭ നിയമം പാസ്സാക്കി. കേരളത്തിലെ പുതിയ യു.ഡി.എഫ്. ഗവൺമെന്റ് സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഒരുപാട് നേട്ടങ്ങളുണ്ടാക്കിക്കൊണ്ട് ഒരുപാട് എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിച്ചുകഴിഞ്ഞു. അവയൊക്കെത്തന്നെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ട് വലിയ ക്വാളിറ്റി ഇംപ്രൂവ്മെന്റ്സ് നമുക്കുണ്ടാകണമെങ്കിൽ കേരളത്തിലും ഒരു സാങ്കേതിക സർവ്വകലാശാല വളരെ ആവശ്യമാണ്. ഈ രണ്ടു കാര്യങ്ങൾക്കും മുൻതൂക്കം നൽകി മാറി വരുന്ന പ്രത്യേക സാഹചര്യത്തിൽ ലോകത്തിൽ വലിയ മാറ്റമുണ്ടായി. ദേശീയ തലത്തിൽ മാറ്റമുണ്ടായിരിക്കുന്നു. എന്നിട്ടും വിദ്യാഭ്യസ രംഗത്ത് വളരെയേറെ നേട്ടങ്ങൾ അവകാശപ്പെടുന്ന കേരളത്തിന് ഈ രംഗത്ത് മുന്നോട്ടു പോകാൻ കഴിയുന്നില്ല എന്ന യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. ഇനിയെങ്കിലും ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളത്തിൽ ഒരു ഐ.ഐ.ടി.-യും സാങ്കേതിക സർവ്വകലാശാലയും സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കാൻ സംസ്ഥാന ഗവണ്മെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* : കേരളത്തിൽ ഒരു ഐ.ഐ.ടി സ്ഥാപിക്കണമെന്നതുതന്നെയാണ് ഗവണ്മെന്റിന്റെ അഭിപ്രായം. അതിനുവേണ്ട ശക്തമായ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇതു സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റി നിർദ്ദേശിക്കപ്പെട്ടു. അതിനുള്ള സ്ഥലവും

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ ഇൻഫ്രാസ്ട്രക്ചർ സൗകര്യം വികസിപ്പിക്കുന്നതിനാവശ്യമായ ചെലവിന്റെ ഒരു വിഹിതവും സംസ്ഥാന ഗവണ്മെന്റ് വഹിക്കാമെന്നും സമ്മതിച്ചിട്ടുണ്ട്. ബാക്കിയുള്ള ചെലവ് കേന്ദ്ര ഗവൺമെന്റാണ് വഹിക്കേണ്ടത്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രധാനമന്ത്രിയുമായും മാനവവിഭവശേഷിവകുപ്പു മന്ത്രിയുമായും സംസാരിച്ചിട്ടുണ്ട്. മുഖ്യമന്ത്രി എന്ന നിലയിൽ ഇക്കാര്യം ഞാൻ രണ്ടു പ്രാവശ്യം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും കേരളത്തിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. പല നിർദ്ദേശങ്ങളുമുണ്ട്. നിലവിലുള്ള ഏതെങ്കിലും ഒരു സ്ഥാപനം അപ്ഗ്രേഡ് ചെയ്യുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഐ.ഐ.ടി. കിട്ടുമെന്ന പ്രതീക്ഷയാണ് ഗവൺമെന്റിനുള്ളത്. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടർന്നും നടത്തുന്നതാണ്. സാങ്കേതിക സർവ്വകലാശാല വേണമെന്നുള്ള കാര്യത്തിൽ ഗവണ്മെന്റ് നയപരമായ ഒരു തീരുമാനം എടുത്തു. അതിനൊരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രൊഫസർ ബാബു ടി. ജോസിനെ ചുമതലപ്പെടുത്തിക്കഴിഞ്ഞിരിക്കുകയാണ്. അദ്ദേഹത്തിന്റെ റിപ്പോർട്ടുകൂടി കിട്ടിക്കഴിഞ്ഞാൽ ഉടൻതന്നെ അതിന്റെ നടപടികളുമായി മുന്നോട്ടു പോകും. ഇത് രണ്ടും (ഐ.ഐ.ടി.യും, ടെക്നിക്കൽ യൂണിവേഴ്സിറ്റിയും) നമ്മുടെ ഉന്നത സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പുരോഗതിക്ക് ഏറ്റവും ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നു. ഈ രണ്ട് കാര്യങ്ങളിലും ആവശ്യമായ നടപടികളുമായി ഗവണ്മെന്റ് മുന്നോട്ടു പോകുമെന്ന് ഉറപ്പു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

ശ്രീ. തമ്പാനൂർ രവി : വിദ്യാഭ്യാസപരമായി നമ്മേക്കാൾ വളരെ പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളിൽപ്പോലും സാങ്കേതിക സർവ്വകലാശാല രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച് നല്ല നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു. എന്റെ ചോദ്യം, കേരളത്തിലെ ആദ്യത്തെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജാണ്. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് കേന്ദ്രമാക്കി ഒരു സാങ്കേതിക സർവ്വകലാശാല ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ? അതിനുള്ള നിയമനിർമ്മാണം വളരെ വേഗം നടത്തുവാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : അതുസംബന്ധിച്ച ഒരു തീരുമാനമെടുത്തിട്ടില്ല. അതിന് പ്രോജക്റ്റ് റിപ്പോർട്ട് കിട്ടിയതിനുശേഷം ഇതിന്റെ അനന്തര നടപടികളെക്കുറിച്ച് ചിന്തിക്കുന്ന അവസരത്തിൽ എടുക്കേണ്ട തീരുമാനമാണ്. അപ്പോൾ മാത്രമേ അതുസംബന്ധിച്ച ഒരു തീരുമാനമെടുക്കാൻ സാധിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly